# സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി
## തിരുവല്ലം, തിരുവനന്തപുരം 695 027
ഫോൺ: 0471 2380910/912 ഫാക്സ്:04712380681


നം.02/2017-18/സി-ഡിറ്റ്

തീയതി: 26.03.2018

## ലേല പരസ്യം

സി-ഡിറ്റ് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ എംപ്ലോയിമെന്റ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ ഓഫീസിന് സമീപത്തായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് നിൽക്കുന്ന ഒരു ആഞ്ഞിലി മരം പരസ്യലേലം ചെയ്ത് വിൽക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു.

| | | |
|---|---|---|
| **ലേലസ്ഥലം** | : | **സി-ഡിറ്റ് ഹെഡ് ഓഫീസ്, തിരുവല്ലം, തിരുവനന്തപുരം-27** |
| **തീയതി** | : | **10.04-2018** |
| **സമയം** | : | **പകൽ 11.30** |
| **നിരതദ്രവ്യം** | : | **750 രൂപ (എഴുന്നൂറ്റി അൻപത് രൂപ മാത്രം)** |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിന് അരമണിക്കൂർ മുമ്പായി നിരതദ്രവ്യ തുക സി-ഡിറ്റിന്റെ മെയിൻ അക്കൗണ്ട്സിൽ അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തികിട്ടുന്ന വ്യക്തി ലേലതുകയുടെ 50% (ബാധകമായ നികുതികൾ അടക്കം) അന്ന് പകൽ 4 മണിക്ക് മുമ്പായി സി-ഡിറ്റിന്റെ മെയിൻ അക്കൗണ്ട്സിൽ അടയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതായി അിറയിപ്പ് ലഭിച്ചു കഴിഞ്ഞാൽ 7 ദിവസത്തിനകം ബാക്കി തുക മുഴുവനായി ഒടുക്കേണ്ടതാണ്. ലേലതുക (ബാധകമായ നികുതികൾ അടക്കം) മുഴുവനായി അടച്ചു തീർത്തുകഴിഞ്ഞാൽ മരം മുറിച്ചുമാറ്റാൻ സി-ഡിറ്റിൽ നിന്ന് അനുമതി ലഭിക്കുന്നതും ടി അനുമതി കൈപ്പറ്റി ഏഴ് (7) ദിവസത്തിനകം മരം സ്വന്തം ചിലവിൽ വെട്ടി മാറ്റി കൊള്ളേണ്ടതുമാണ്. ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സി-ഡിറ്റിലേക്ക് മുതൽ കൂട്ടുന്നതാണ്. കൂടുതൽ വിവരങ്ങൾ **9633992233** നമ്പറിൽ നിന്നും അറിയാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് എല്ലാ പ്രവൃത്തി ദിവസവും 11 മണി മുതൽ 4 വരെ സ്ഥലം സന്ദർശിച്ച് ലേലവസ്തുവിനെ പരിശോധിക്കാവുന്നതാണ്. ലേലനടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സി-ഡിറ്റ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും

രജിസ്ട്രാർ